# അന്നീദ

മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

പ്രാർത്ഥിക്കാം: നമുക്കു സമാധാനം

കർത്താവേ, മരിച്ചവരെ നീ കരുണാപൂർവം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

ദൈവമേ, നിന്റെ കൃപയ്ക്കൊത്തവണ്ണം എന്നോടു കരുണ തോന്നണമേ.

നിന്റെ തിരുമുമ്പിൽ ഞാൻ ചെയ്തുപോയ പാപങ്ങൾ നീ ഓർക്കരുതേ. എന്തുകൊണ്ടെന്നാൽ, നിന്റെ തിരുക്കുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

നിന്റെ കാരുണ്യാതിരേകത്തിനനുസൃതമായി എന്റെ പാപങ്ങൾ ഉന്മൂലനം ചെയ്യണമേ.

ഞങ്ങളുടെ കർത്താവേ, മാമ്മോദീസാവഴി നിന്റെ മൗതികശരീരത്തിലെ അംഗങ്ങളായ നിന്റെ ദാസരെ നിന്റെ അനുഗ്രഹത്താൽ കഴുകി ശുദ്ധീകരിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.



നിന്റെ ദിവ്യശരീരം ഭക്ഷിക്കുകയും തിരുരക്തം പാനം ചെയ്യുകയും ചെയ്തവരെ നീതിമാൻമാരുടെ രാജ്യത്തിലേക്കു പ്രവേശിപ്പിക്കണമേ.

പ്രാർത്ഥിക്കാം: നമുക്കു സമാധാനം

സർവ്വശക്തനായ ദൈവമേ, വിചാരത്താലും വചനത്താലും പ്രവൃത്തിയാലും, അറിഞ്ഞും അറിയാതെയും നിന്റെ ദാസൻ (ദാസി, ദാസർ) ചെയ്തിട്ടുള്ള എല്ലാ പാപങ്ങളിലും നിന്നു മോചനം നൽകി നീതിമാൻമാർ വസിക്കുന്ന സ്വർഗ്ഗീയ ഓർശ്ലത്തേക്ക് അയാളെ (അവരെ) പ്രവേശിപ്പിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും. ആമ്മേൻ .

വിശുദ്ധ പനിനീർ തളിക്കുന്നു.